**Rehabilitation Plantations Limited**

(A Joint Venture of Govt. of India & Govt. of Kerala)

CIN - U01119KL1976SGC002799

Regd. Office : PUNALUR- 691 305, KOLLAM DIST., KERALA, INDIA

An ISO 9001 & 14001 Certified Company

# ദർഘാസ് ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ്

കമ്പനിയുടെ ആയിരനല്ലൂർ എസ്റ്റേറ്റിൽ യൂണിറ്റ്-3 , 7എ ക്ലപ്പിൽ ഉദ്ദേശം 10.00 ഏക്കർ സ്ഥലത്ത് റബ്ബർ തൈകൾ നടീലിനും, ഇടവിളയായി പൈനാപ്പിൽ കൃഷി ചെയ്യുന്നതിനും, യോഗ്യരും പരിചയസമ്പന്നരുമായ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ സമർപ്പിക്കുവാനുള്ള അവസാന തീയതി 13.02.26 വൈകുന്നേരം 3.00 മണി വരെയാണ്. ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്ക് തുറക്കുന്നതായിരിക്കും. വിശദ വിവരങ്ങൾക്ക് ലോഗിൻ ചെയ്യുക. www.rplkerala.com .

RPL /COR/RP-III /2026/2224 dated 24.01.2026

മാനേജിംഗ് ഡയറക്ടർ

# റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്

## പുനലൂർ

### റീപ്ലാന്റിംഗ് ചെയ്യുന്ന തോട്ടത്തിൽ പൈനാപ്പിൾ ഇടവിള കൃഷി ചെയ്യുന്നതിനുള്ള

### ടെണ്ടർ വ്യവസ്ഥകൾ

പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ആയിരനല്ലൂർ എസ്റ്റേറ്റിൽ 2026-ൽ റബ്ബർ പ്ലാന്റിംഗ് ചെയ്യുന്ന തോട്ടങ്ങളിൽ ഇടവിളയായി 42 മാസത്തേക്ക് പൈനാപ്പിൾ കൃഷി ചെയ്യുന്നതിനുള്ള ടെണ്ടറിന്റെ വ്യവസ്ഥകൾ.

1. പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ആയിരനല്ലൂർ എസ്റ്റേറ്റിൽ റബ്ബർ പ്ലാന്റിംഗ് ചെയ്യുന്ന തോട്ടങ്ങളിൽ ഇടവിളയായി പൈനാപ്പിൾ കൃഷി ചെയ്യാൻ താൽപ്പര്യമുള്ളവരും പരിചയസമ്പന്നരുമായ പൈനാപ്പിൾ കർഷകരിൽ നിന്നാണ് ടെണ്ടറുകൾ ക്ഷണിക്കുന്നത്. തോട്ടത്തിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| എസ്റ്റേറ്റ് | യൂണിറ്റ് | ക്ലപ്പിന്റെ പേര് | വിസ്തീർണ്ണം/ ഏകദേശം | വിള |
|---|---|---|---|---|
| ആയിരനല്ലൂർ | III | 7 A-2005 | 10.00 ഏക്കർ | റബ്ബർ |

വിസ്തീർണ്ണം ഏകദേശമാണ് നൽകിയിരിക്കുന്നത്. സർവ്വേ നടത്തിയതിനുശേഷം വരുന്ന കൃത്യമായ വിസ്തീർണ്ണത്തിനാണ് ലൈസൻ സീ ലൈസൻ സ് ഫീ അടക്കേണ്ടത്. ടെണ്ടർ വിശദാംശങ്ങളും വ്യവസ്ഥകളും കമ്പനിയുടെ വെബ് സൈറ്റായ www.rplkerala.com-ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇ.എം.ഡി, ( 5,000.00)(നാലായിരം രൂപ ) ബിഡ് സമർപ്പിക്കൽ ഫീസ് ( 300+GST) എന്നിവ സഹിതം ടെണ്ടറുകൾ സമർപ്പിക്കണം. ബിഡ് സമർപ്പിക്കൽ ഫീസ് തിരികെ ലഭിക്കുന്നതല്ല. ടെണ്ടർ വ്യവസ്ഥകളുടെ ഓരോ പേജും വ്യവസ്ഥകൾ അംഗീകരിച്ച് ലേലക്കാരൻ ഒപ്പിടേണ്ടതാണ്. കൂടാതെ ഒപ്പിട്ട ടെണ്ടർ വ്യവസ്ഥകളില്ലാതെ ഓൺലൈനിൽ സമർപ്പിച്ച ടെണ്ടറുകൾ, ബിഡ് സമർപ്പിക്കൽ ഫീസ്, ഇഎംഡി എന്നിവ ഒടുക്കാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ നിരസിക്കപ്പെടുന്നതായിരിക്കും. ബിഡ്ഡ് സമർപ്പിക്കുന്ന ആൾ (ലേലക്കാരൻ) ഒരു കമ്പനിയാണെങ്കിൽ, കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും സമർപ്പിക്കണം, ടെണ്ടറിനോടൊപ്പം ഒരു പങ്കാളിത്ത സ്ഥാപനമാണെങ്കിൽ, രജിസ്റ്റർ ചെയ്ത പങ്കാളിത്ത ഡീഡും, സൊസൈറ്റിയാണെങ്കിൽ, അതിന്റെ ഉപ നിയമങ്ങളും പാൻ കാർഡിന്റെ പകർപ്പിനൊപ്പം സമർപ്പിക്കണം.

ടെണ്ടറുകൾ 13.02.26 വൈകുന്നേരം 3.00 മണി വരെ ഓഫീസിൽ സമർപ്പിക്കാവുന്നതും ടെണ്ടറുകൾ അന്നേ ദിവസം 3.30-നു തുറക്കുന്നതുമാണ്. ടെണ്ടർ തുറക്കുന്ന തീയതി അവധി ദിവസമാണെങ്കിൽ, ടെണ്ടറുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും സ്ഥലത്തും തുറക്കുന്നതായിരിക്കും

2. പട്ടിക 1-ൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങൾ ലേലക്കാരൻ നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്. പൈനാപ്പിൾ ഇടവിളയായി കൃഷി ചെയ്യുന്നതിന് 42 മാസത്തേക്ക് നൽകുന്ന പരമാവധി തുക (ലൈസൻസ് ഫീസ് ) ആണ് ടെന്ററിൽ രേഖപ്പെടുത്തേണ്ടത്.
3. ടെൻഡറിൽ വാഗ്ദാനം ചെയ്ത നിരക്കുകൾ കമ്പനി വിലയിരുത്തുന്നതും ഏറ്റവും ഉയർന്ന നിരക്ക് രേഖപെടുത്തിയ ലേലക്കാരന് വർക്ക് ഓർഡർ/എഗ്രി നൽകുന്നതുമാണ്. വർക്ക് ഓർഡർ/എഗ്രി ലഭിച്ച് 7 ദിവസത്തിനുള്ളിൽ 42 മാസത്തേക്കുമായി വാഗ്ദാനം ചെയ്ത ആകെ തുകയുടെ 5 ശതമാനം പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റായി അടച്ച് ലൈസെൻസർ മായി ഉടമ്പടി ഒപ്പുവെക്കേണ്ടതാണ്. കരാർ പൂർത്തിയാക്കിയതിനു ശേഷം എസ്റ്റേറ്റ് മാനേജർ നൽകുന്ന ബാധ്യതാരഹിത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ടി സെക്യൂരിറ്റി തുക തിരികെ നൽകുന്നതാണ്. വർക്ക് ഓർഡർ/എഗ്രി കമ്പനി നൽകുന്നതോടുകൂടി കരാർ നിലവിൽ വരുന്നതായിരിക്കും.
4. ലൈസെൻസി വാഗ്ദാനം ചെയ്ത തുക താഴെ പറയും പ്രകാരം ഗഡുക്കളായി ഒടുക്കേണ്ടതാണ്.

-

<u>ഗഡുക്കളായി ഒടുക്കുന്നതിനുള്ള പട്ടിക</u>

| ക്രമ നം. | ഗഡു നമ്പർ | ലൈസൻസ് ഫീസ് അടയ്ക്കുന്ന രീതി | പണമടക്കേണ്ട തീയതി |
|---|---|---|---|
| 1 | 1 | മൊത്തം ക്വോട്ട് ചെയ്ത ലൈസൻസ് ഫീസിന്റെ 25% | വർക്ക് ഓർഡർ/എഗ്രി നൽകി 15 ദിവസത്തിനുള്ളിൽ |
| 2 | 2 | മൊത്തം ക്വോട്ട് ചെയ്ത ലൈസൻസ് ഫീസിന്റെ 25% | വർക്ക് ഓർഡർ/എഗ്രി നൽകി ആറു മാസത്തിനുള്ളിൽ. |
| 3 | 3 | മൊത്തം ക്വോട്ട് ചെയ്ത ലൈസൻസ് ഫീസിന്റെ 25% | ----മാർച്ച് 2028 നോ അതിനു *മുമ്പോ* |
| 4 | 4 | മൊത്തം ക്വോട്ട് ചെയ്ത ലൈസൻസ് ഫീസിന്റെ 25% | --- സെപ്റ്റംബർ 2028 നോ അതിനുമുമ്പോ |

ഗഡുക്കളായി അടക്കുന്നതിനുള്ള നിശ്ചിത തീയതികളിൽ പണം ഒടുക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം വീഴ്ച വരുത്തിയ തീയതി മുതൽ പണം ഒടുക്കുന്ന തീയതി വരെ മുടക്കം വരുത്തിയ തുകക്ക് 15% പിഴ പലിശ ഈടാക്കുന്നതാണ്.

5. നിശ്ചിത ഗഡുക്കൾ ഒടുക്കുന്നതിന് അസാധാരണ കാലതാമസം വരുത്തുകയാണെങ്കിൽ കരാർ അവസാനിപ്പിക്കുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പെടെ ലൈസെൻസി കമ്പനിയിലേക്ക് അടച്ചിട്ടുള്ള എല്ലാ തുകയും കണ്ടുകെട്ടുന്നതും ടി സാഹചര്യത്തിൽ പൈനാപ്പിൾ ചെടികളിന്മേലോ അതിന്റെ കായ്ഫലങ്ങളിലോ ലൈസൻസീക്ക് യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതുമല്ല. ഇതുമൂലം കമ്പനിക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ ലൈസൻസീ യിൽ നിന്നും ഈടാക്കുന്നതായിരിക്കും.

6. പൈനാപ്പിൾ ഇടവിള കൃഷി ചെയ്യുന്നതിന് കരാർ എടുത്തിട്ടുള്ള സ്ഥലത്ത് റബ്ബർ തൈ നട്ടുന്നതിനുള്ള പ്രാരംഭ ജോലികളായ തൈകളുടെ അകലം നിർണ്ണയിച്ചുള്ള കുറ്റി വെക്കൽ (alignment), കോണ്ടൂർ മാതൃകയിൽ ടെറസ് ഒരുക്കൽ, കുഴി എടുക്കൽ, കുഴി മൂടൽ, റബ്ബർ തൈകളുടെ നടീൽ എന്നിവ കമ്പനി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും നിർദ്ദേശാനുസരണത്തിലും ഒരു ഏക്കറിൽ കുറഞ്ഞത് 225 റബ്ബർ തൈകൾ എന്ന നിരക്കിൽ റബ്ബർ ബോർഡിന്റെ അംഗീകൃത കൃഷി രീതികൾ അനുസരിച്ച് നട്ട് ജോലി പൂർത്തീകരിക്കേണ്ടതാണ്. റബ്ബർ തൈകൾ നടുന്ന ജോലി തെക്കു പടിഞ്ഞാറൻ കാലവർഷത്തിന്റെ ആരംഭത്തിൽ തന്നെ ആരംഭിച്ച് 15.07.2026 ന മുമ്പ് പൂർത്തീകരിക്കേണ്ടതാണ്. നടുന്നതിനുള്ള റബ്ബർ തൈകൾ കമ്പനിയുടെ ആയിരനല്ലൂർ എസ്റ്റേറ്റിലെ നെഴ്സറിയിൽ നിന്നും ശേഖരിച്ച് കരാറുകാരൻ സ്വന്തം ചിലവിൽ നടീൽ സ്ഥലത്തേക്ക് എത്തിക്കേണ്ടതാണ്.
7. ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും റബ്ബർ തൈകൾ ഉണങ്ങി നഷ്ടപെടുകയോ നിർദ്ദിഷ്ട ആരോഗ്യം ഇല്ലാതെ വളർച്ച മുരടിച്ച് നിൽക്കുകയോ ചെയ്യുകയാണെങ്കിൽ അത്തരം തൈകൾ കരാറുകാരന്റെ സ്വന്തം ചിലവിൽ പണമടച്ച് കമ്പനി നേഴ്സറിയിൽ നിന്ന് ശേഖരിച്ച് നഷ്ടപ്പെട്ട തൈകളുടെ സ്ഥാനത്ത് പുതിയവ വച്ച് പിടിപ്പിക്കേണ്ടതാണ്. കരാർ സ്ഥലത്തെ റബ്ബർ തൈകളുടെ വളർച്ചയെ സംബന്ധിച്ച് എസ്റ്റേറ്റ് മാനേജർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.
8. കരാർ സ്ഥലത്ത് ഹെക്ടർ ഒന്നിന് ഏറ്റവും കുറഞ്ഞത് 500 റബ്ബർ തൈകൾ എന്ന നിരക്കിൽ ഒന്നാം വർഷം തന്നെ റബ്ബർ തൈകൾ വച്ചു പിടിപ്പിക്കേണ്ടതും ആയത് ലൈസെൻസർ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ എണ്ണി തിട്ടപ്പെടുത്തി എണ്ണം ബോധ്യപ്പെടുത്തേണ്ടതുമാണ്. ഓരോ വർഷവും പൂർത്തീകരിക്കുന്ന സമയത്ത് നിർദ്ദിഷ്ട ഉയരവും വണ്ണവും റബ്ബർ തൈകൾക്ക് എത്തിയിട്ടുണ്ട് എന്ന് കരാറുകാരൻ ബോധ്യപ്പെടുത്തേണ്ടതും മൂന്നാം വർഷം കരാർ അവസാനിക്കുന്ന സമയത്ത് തൈകൾ നിർദ്ദിഷ്ട വളർച്ചയിൽ എത്തിച്ച് എണ്ണം ലൈസെൻസർ ഉടെ ഉദ്യോസ്ഥരെ ബോധ്യപ്പെടുത്തേണ്ടതുമാണ്.
9. പൈനാപ്പിൾ ഇടവിളകൃഷിക്ക് വിളനാശമോ മറ്റ് കഷ്ടനഷ്ടങ്ങളോ സംഭവിച്ചാൽ ലൈസെൻസർ ഉത്തരവാദിയായിരിക്കുന്നതല്ല.
10. സർക്കാരോ നിയമ സംവിധാനങ്ങളോ മറ്റ് അധികാരികളോ കരാറുമായി ബന്ധപ്പെട്ട മറ്റ് എസ്റ്റേറ്റ് പ്രവർത്തനങ്ങളിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ തടസ്സപെടുത്തുകയോ ചെയ്താൽ അതുമൂലം ലൈസൻസീക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിനോ മറ്റ് കഷ്ട നഷ്ടങ്ങൾക്കോ ലൈസെൻസർ ഉത്തരവാദിയായിരിക്കുന്നതല്ല.
11. തൈകൾ തമ്മിലുള്ള അകലം നിർണ്ണയിച്ച് കുറ്റി അടിക്കൽ, കുഴി എടുക്കൽ എന്നീ ജോലികൾ താഴെ പറയും പ്രകാരം ചെയ്യേണ്ടതാണ്.

I. റബ്ബർ തൈകൾ തമ്മിൽ 10 അടി അകലത്തിലും നിരകൾ തമ്മിൽ 22 അടി അകലത്തിലുമാണ് കുഴികൾ എടുക്കേണ്ടത്.
II. കുഴികൾ 2.5x2.5x2.5 അടി വലിപ്പം ഉണ്ടായിരിക്കേണ്ടതാണ്.
III. കുഴികളിൽ ഉള്ള കല്ലുകൾ മരത്തിന്റെ വേരുകൾ എന്നിവ നീക്കം ചെയ്ത് കുഴികൾ മൂടേണ്ടതാണ്.
IV. ടെറസിന് കുറഞ്ഞത് 1.5 മീറ്റർ വീതിയും 25 മുതൽ 30 ഡിഗ്രി വരെ ഉള്ളിലേക്ക് ചെരിവും ഉണ്ടായിരിക്കേണ്ടതാണ്
V. കുഴികൾ കൃത്യമായി തിരിച്ചറിയുന്നതിന് ചെറിയ കുറ്റികൾ കൊണ്ട് അടയാളം സ്ഥാപിക്കേണ്ടതാണ്.

12. ലൈസെൻസി ഒരു ഏക്കറിൽ 5500 എണ്ണത്തിൽ കവിയാത്ത രിതിയിൽ വേണം പൈനാപ്പിൾ ചെടികൾ ഇടവിളയായി കൃഷി ചെയ്യേണ്ടത്. 2028 മെയ് മാസം വരെ കരാർ സ്ഥലത്ത് വിളവെടുക്കുന്നതിനുള്ള അധികാരം ലൈസെൻസിക്ക് ഉണ്ടായിരിക്കുന്നതാണ്.

13. കമ്പനി ക്ലപ്പ് റോഡുകളിലോ പരിശോധനാ പാതകളിലോ പൈനാപ്പിൾ നടാൻ പാടുള്ളതല്ല.
14. റബ്ബർ തൈകളുടെ ചുവട്ടിൽ നിന്ന് കുറഞ്ഞത് 1.00 മീറ്റർ അകലം പാലിച്ച് പൈനാപ്പിൾ ചെടികൾ നടേണ്ടതാണ്..
15. ലൈസെൻസി റബ്ബർ തൈകൾക്ക് നിരോധിച്ച രാസവസ്തുക്കൾ, കീടനാശിനികൾ എന്നിവ പ്രയോഗിക്കാൻ പാടുള്ളതല്ല. വന്യമൃഗങ്ങളുടെ ആക്രമണം, കാട്ടുതീ മറ്റ് ഏതെങ്കിലും തരത്തിൽ റബ്ബർ തൈകൾക്ക് ഉണ്ടായേക്കാവുന്ന കേടുപാടുകൾ എന്നിവയിൽ നിന്ന് റബ്ബർ തൈകളെ സംരക്ഷിക്കുന്നതിന് ഉചിതവും നിയമാനുസൃതമായ നടപടികൾ കൈകൊള്ളേണ്ടതുമാണ്. ഇടവിളയായി പൈനാപ്പിൾ കൃഷി ചെയ്യുമ്പോൾ പൈനാപ്പിൾ തൈകൾക്കാവശ്യമായ വെള്ളവും വളവും കരാറുകാരൻ സ്വന്തം ചിലവിൽ നൽകേണ്ടതാണ്.
16. കരാർ കാലാവധിക്കുള്ളിൽ റബ്ബർ കൃഷിയിലും അതിന്റെ പരിപാലനുമായി ബന്ധപ്പെട്ട് ലൈസെൻസർ ടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയോ ടെന്റർ കണ്ടീഷനുകളിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന പക്ഷം ഒരു മാസത്തെ നോട്ടീസ് നൽകികൊണ്ട് കരാർ റദ്ദ് ചെയ്യുന്നതിനും തുടർന്ന് ലൈസൻസീയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ദർഘാസ് നടത്തുന്നതിനോ ലൈസെൻസർക്ക് നേരിട്ട് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനോ ലൈസെൻസർ ന്ന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ലൈസെൻസർ കരാർ ഏറ്റെടുക്കുന്ന പക്ഷം അന്നുമുതൽ കരാർ അവസാനിക്കുന്ന കാലവളവ് വരെയുള്ള എല്ലാ ചെലവുകളും കരാറുകാരന്റെ പക്കൽ നിന്നും ഈടാക്കുന്നതായിരിക്കും.
17. റബ്ബർ തൈകൾക്കുള്ള വെള്ളവും കീടനാശിനി ,വളപ്രയോഗം റബ്ബർ ബോർഡിന്റെ ശുപാർശ പ്രകാരവും കമ്പനി ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിലും നിർദ്ദേശങ്ങൾ പാലിച്ചും കൃത്യസമയത്ത് ലൈസെൻസി സ്വന്തം ചിലവിൽ ചെയ്യേണ്ടതാണ്. ഇതിൽ ഏതെങ്കിലും കൃത്യവിലോപം സംഭവിച്ച് കമ്പനിക്ക് ചെയ്യേണ്ടതായി വന്നാൽ ടി ചെലവുകൾ ലൈസെൻസി കമ്പനിയിലേക്ക് ഒടുക്കേണ്ട തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും.
18. റബ്ബർ തൈകളുടെ പരിപാലനവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ ജോലികളും (കള നീക്കം ചെയ്യൽ, കീട നിയന്ത്രണം, രോഗ സംരക്ഷണം, അനാവശ്യ മുകുളങ്ങൾ നീക്കം ചെയ്യൽ, തണൽ വെയ്പ്പ്, ചൂടിൽ നിന്നുള്ള സംരക്ഷണം മുതലായവ) ലൈസെൻസി യഥാസമയത്ത് സ്വന്തം ചിലവിൽ ചെയ്യേണ്ടതാണ്. ഇതിൽ ഏതെങ്കിലും കൃത്യവിലോപം സംഭവിച്ച് ലൈസെൻസർ ചെയ്യേണ്ടതായി വന്നാൽ ടി ചെലവുകൾ ലൈസെൻസി കമ്പനിയിലേക്ക് ഒടുക്കേണ്ട തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും . കൂടാതെ ഇടവിള കൃഷിയുമായി ബന്ധപ്പെട്ട യാതൊരുവിധ പ്രവർത്തനങ്ങൾക്കും
ലൈസെൻസർ ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.
19. കരാർ സ്ഥലത്ത് പണിയെടുക്കുന്നതിനായി ലൈസെൻസി നിയോഗിക്കുന്ന എല്ലാ തൊഴിലാളികളുടെയും പേരും വിലാസവും എസ്റ്റേറ്റ് അധികാരികളെ രേഖാമൂലം അറിയിക്കേണ്ടതും ടി തൊഴിലാളികളെ സംബന്ധിച്ച സേവന വേതന വ്യവസ്ഥകൾ, നിയമാനുസൃതമായ നഷ്ട പരിഹാരം, മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവയെല്ലാം ഉൾപ്പെടെ ടി തൊഴിലാളികളെ സംബന്ധിച്ച എല്ലാ ബാധ്യതകളും കരാറുകാരന്റെ മാത്രം പരിപൂർണ്ണ ഉത്തരവാദിത്വത്തിലുള്ളതായിരിക്കും. ഇക്കാര്യങ്ങളിൽ കമ്പനിക്ക് യാതൊരുവിധ ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.
20. ലൈസെൻസർ ഉടെ തൊഴിലാളികളെയോ ജീവനക്കാരെയോ കരാർ ജോലിക്ക് ഉപയോഗിക്കുവാൻ പാടുള്ളതല്ല. കമ്പനി ഐഎസ്ഒ 14001, 9001 മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനമായതിനാൽ പാരിസ്ഥിതിക നയങ്ങൾക്കും നടപടികൾക്കും അനുസൃതമായാണ് കരാർ ജോലികൾ നടക്കുന്നത് എന്ന് കരാറുകാരൻ ഉറപ്പാക്കേണ്ടതാണ്.
21. ലൈസൻസീ യുടെ തൊഴിലാളികളെ / ജീവനക്കാരെ സംബന്ധിച്ച് നിയമപരമായി പാലിക്കേണ്ട എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ലൈസെൻസി ഉറപ്പാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ ലൈസെൻസർ യാതൊവിധത്തിലും

കക്ഷിയായിരിക്കുന്നതുമല്ല.

22. ലൈസൻസീ യുടെ തൊഴിലാളികളുടെയോ ജീവനക്കാരുടെയോ പ്രവൃത്തികൾ മൂലം ലൈസെൻസി ന്റെ തൊഴിലാളികൾക്കോ ജീവനക്കാർക്കോ എന്തെങ്കിലും അപകടമോ നാശനഷ്ടമോ ജീവഹാനിയോ അല്ലെങ്കിൽ ലൈസെൻസർടെ തൊഴിലാളികൾക്കോ ജീവനക്കാർക്കോ മറ്റുള്ളവർക്കോ ഇപ്രകാരം സംഭവിക്കുകയാണെങ്കിൽ ആയത് മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കോ ബാധ്യതകൾക്കോ ലൈസൻസീ മാത്രം ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതും ഇതുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ ലൈസെൻസർ യാതൊരു വിധത്തിലും കക്ഷിയായിരിക്കുന്നതുമല്ല.
23. കരാർ ജോലി കരാർ എടുത്തിരിക്കുന്ന ലൈസെൻസി ടി ജോലി മറ്റേതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ ഉപകരാർ നൽകാൻ പാടില്ലാത്തതാണ്.
24. ലൈസെൻസർ ടെ സ്ഥാവര ജംഗമ വസ്തുക്കൾക്ക് ഒന്നും തന്നെ ലൈസെൻസി നശിപ്പിക്കുകയോ കേട്ടുപാടുകൾ വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല. ഇപ്രകാരം നാശനഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ലൈസെൻസർ ആവശ്യപ്പെടുന്ന നഷ്ടപരിഹാരം നൽകാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.
25. കരാർ സ്ഥലത്ത് റബ്ബർ തൈകൾക്കിടയിൽ പൈനാപ്പിൾ ഇടവിളയായി സ്വന്തം ചിലവിൽ കൃഷിചെയ്യുന്നതിന് ലൈസൻസീക്ക് പൂർണ്ണ അവകാശം ഉണ്ടായിരക്കുന്നതാണ്. കൂടാതെ കമ്പനിയുമായുള്ള കരാർ വ്യവസ്ഥകളിൽ ലംഘനങ്ങൾ ഒന്നും ഇല്ലാത്തിടത്തോളം പൈനാപ്പിൾ ചെടികളിലോ കായ്ഫലത്തിലോ ലൈസെൻസർ ക്ക് യാതൊരുവിധ അവകാശങ്ങളോ അധികാരങ്ങളോ ഉണ്ടായിരിക്കുന്നതുമല്ല. കരാറിൽ ഏർപ്പെട്ട് 42 മാസം തികയുന്ന തീയതിയോ 2029 october 30 ഓ ഇവയിൽ ഏതാണോ ആദ്യം എത്തിചേരുന്നത് അന്ന് കരാർ കാലാവധി അവസാനിക്കുന്നതായിരിക്കും. കരാർ പ്രകാരം ലൈസെൻസി സ്വന്തം നിലയിലും ചെലവിലും ചെയ്യേണ്ടുന്ന പ്രവൃത്തി, ലൈസെൻസർക്ക് ചെയ്യേണ്ടി വരുന്ന പക്ഷം ടി പ്രവർത്തിക്ക് ലൈസെൻസർക്ക് ചെലവാകുന്ന തുക ലൈസൻസീ യിൽ നിന്നും ഈടാക്കുന്നതാനയിരിക്കും.
26. കരാർ കാലാവധിക്കു ശേഷം കരാർ സ്ഥലത്ത് അവശേഷിക്കുന്ന പൈനാപ്പിൽ ചെടികളോ കനികളോ ലൈസെൻസി ശേഖരിച്ച് കൊണ്ടു പോകുവാൻ പാടില്ല.
27. ഒരു കാരണവും കൂടാതെ ഓഫർ സ്വീകരിക്കുവാനോ റദ്ദാക്കുവാനോ ലൈസെൻസറുടെ മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
28. ബാധകമായ നികുതികൾ ബില്ലിൽ നിന്ന് ഈടാക്കും.
29. കേരള കാർഷിക സർവ്വകലാശാലയും റബ്ബർ ബോർഡും അംഗീകരിച്ചിട്ടുള്ള പൈനാപ്പിൾ കൃഷിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കരാറിനു ബാധകമായിരിക്കും.
30. ഈ ടെണ്ടറുമായി ബന്ധപ്പെട്ട നിയമപരമായ കാര്യങ്ങൾ പുനലൂർ കോടതിയുടെ അധികാര പരിധിയിൽ മാത്രമായിരിക്കും.

മാനേജിംഗ് ഡയറക്ടർ